Malappuram District Police

# 14/01/2018 പെരിന്തൽമണ്ണ

പ്രായമായ സ്ത്രീകളുടെ മാലപൊട്ടിച്ച കേസിലെ പ്രതിയെ കസ്റ്റഡിയിൽ വാങ്ങി നടത്തിയ തെളിവെടുപ്പില് 110 പവന് വരുന്ന ആഭരണങ്ങള് കണ്ടെടുത്തു.

മഞ്ചേരി പാപ്പിനിപ്പാറ തോട്ടുങ്ങൽ മൊടത്തീരി ഫിറോസിനെ(37) യാണ് ഈമാസം രണ്ടിന് പെരിന്തൽമണ്ണയില് പോലീസ് അറസ്റ്റുചെയ്തത്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്നായി കവർച്ച നടത്തിയ പ്രതിയെ കോടതി ഉത്തരവുപ്രകാരമാണ് പെരിന്തൽമണ്ണയിലെ പ്രത്യേക അന്വേഷണസംഘം തെളിവെടുപ്പ് നടത്തിയത്. പൊട്ടിച്ചെടുക്കുന്ന ആഭരണങ്ങൾ പ്രതി മറ്റൊരാളുടെ സഹായത്തോടെ മഞ്ചേരിയിലെ ജൂവലറികളിലും മഹാരാഷ്ട്ര സ്വദേശികൾ നടത്തുന്ന സ്വർണക്കടകളിലുമാണ് വിറ്റിരുന്നത്. പൊട്ടിയ ഭാഗം വിളക്കിച്ചേർത്തായിരുന്നു വില്പന. ഇത്തരത്തിലുള്ള 110 പവന് വിവിധ കടകളിൽനിന്ന് അന്വേഷണസംഘം കണ്ടെത്തി. കസ്റ്റഡി കാലാവധി കഴിഞ്ഞ പ്രതിയെ പെരിന്തൽമണ്ണ ജെ.എഫ്.സി.എം. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.